സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം

15 (5683) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്ക്കരണ നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലും പൊതു വിപണിയിൽ വില കുതിച്ചുയരുന്ന സാഹചര്യത്തിലും സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം അനുവദിക്കുവാൻ എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇടക്കാല ആശ്വാസം അനുവദിക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സമയബന്ധിതമായി സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

പറമ്പിക്കുളം - ആളിയാർ അന്തർ സംസ്ഥാന നദീജലക്കരാർ

16 (5684) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജലക്കരാർ പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വിഷയത്തിൽ ഈ സർക്കാർ വന്നശേഷം എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പി.എ.പി. കരാർ പുനരവലോകന ചർച്ചയിൽ കേരളം എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് ;

(ഡി) കരാർ ചർച്ചയിൽ തമിഴ് നാടിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) കരാർ പുനരവലോകനം നീണ്ടുപോകുന്നതിന്റെ ഫലമായി കേരളത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly